"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- കൊല്ലം സെന്റ് ഗ്രിഗോറിയസ് യു.പി.എസ്- ലെ സംസ്കൃതം ഫുൾടൈം അദ്ധ്യാപികയായ ശ്രീമതി സിജി വർഗ്ഗീസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 27977/2021 മേലുള്ള 07/12/2021 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.5315/2022/GEDN തീയതി,തിരുവനന്തപുരം, 05-09-2022

പരാമർശം:-
1. ശ്രീമതി സിജി വർഗ്ഗീസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 27977/2021 മേലുള്ള 07/12/2021 ലെ വിധിന്യായം
2. ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/02/2022 തീയതിയിലെ സി/31/2022 നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/04/2022 തീയതിയിലെ എഫ്(4)2974/2022/ഡി.ജി.ഇ നമ്പർ കത്ത്

ഉത്തരവ്

കൊല്ലം സെന്റ് ഗ്രിഗോറിയസ് യു.പി.എസ്- ലെ സംസ്കൃതം ഫുൾടൈം അദ്ധ്യാപികയായ ശ്രീമതി സിജി വർഗ്ഗീസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 27977/2021 മേലുള്ള 07/12/2021 ലെ വിധിന്യായത്തിൽ ഹർജിക്കാരി, 7-ാം എതിർ കക്ഷി എന്നിവരെ നേരിൽ കേട്ടതിനുശേഷം Ext. P6 റിവിഷൻ ഹർജി 3 മാസത്തിനകം തീർപ്പാക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിച്ചതിൻ പ്രകാരം ഹർജിക്കാരിയുടേയും 7-ാം എതിർ കക്ഷിയുടേയും അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും ഗ്രൂഗിൾ മീറ്റ് മുഖേന 02/03/22 തീയതിയിൽ നേരിൽ കേട്ടു.

2. പാർട്ട് ടൈം എൽ.ജി സംസ്കൃതം അദ്ധ്യാപികയായി തന്റെ നിയമനം 1/6/2010 മുതൽ അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ 5 വർഷം സർവ്വീസ് പൂർത്തിയായ 01/6/2015 മുതൽ നിലവിലുള്ള ചട്ടപ്രകാരം ഫുൾടൈം ആനുകൂല്യം അനുവദിക്കണമെന്നതാണ് Ext. P6 റിവിഷൻ

ഹർജിയിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു

4. ഹർജിക്കാരിയെ ചെറുവയ്ക്കൽ സെന്റ് ജോർജ്ജ് യു.പി.എസ്-ൽ പാർട്ട് ടൈം എൽ.ജി സംസ്കൃതം അദ്ധ്യാപികയായി 1/6/2010 മുതൽ മാനേജർ നിയമിക്കുകയും ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2014-2015 വർഷത്തെ തസ്തിക നിർണ്ണയത്തിൽ ടിയാരിയുടെ തസ്തിക നഷ്ടപ്പെടുകയും ഇതേ മാനേജ്മെന്റിന് കീഴിലുള്ള ശ്രീരനാട് സെന്റ് തോമസ് യു.പി.എസിലേക്ക് 8/1/2015 ൽ സ്ഥലംമാറ്റുകയും ടി സ്ഥലംമാറ്റനിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്കൂളിലുണ്ടായിരുന്ന ഒരേ ഒരു പാർട്ട്ടൈം തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി ഷബ്ന മോളെ ടി തസ്തികയിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിലനിർത്തേണ്ട സാഹചര്യമുണ്ടാകുകയും ഹർജിക്കാരി തസ്തിക നഷ്ടപ്പെട്ട് ടി സ്കൂളിൽ തുടരുകയും ചെയ്യേണ്ട അവസ്ഥ സംജാതമായി വന്ന അവസരത്തിൽ ഹർജിക്കാരിയെ സംരക്ഷിതാദ്ധ്യാപികയായി നിലമേൽ എം.എൻ. യു.പി.എസ്, പരവൂർ കുറുമണ്ഡൽ ജി.യു.പി.എസ്, പുനലൂർ പി.എം.ജി. യു.പി.എസ് എന്നിവിടങ്ങളിലേക്ക് സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്. പിന്നീട് 1/04/2017 മുതൽ ബി.ആർ.സി യിൽ സി.ആർ.സി കോർഡിനേറ്ററായി ജോലി ചെയ്ത വരവേ, കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സെന്റ് ഗ്രിഗോറിയസ് യു.പി.എസ് കുട്ടിക്കാനം സ്കൂളിൽ 2019-2020 വർഷം ഒഴിവ് ഉണ്ടാകുകയും, ടിയാരിയുടെ സംരക്ഷണാനുകൂല്യം റദ്ദ് ചെയ്ത് ടി സ്കൂളിലേക്ക് തിരികെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

5. 01/06/2010 മുതൽ 5 വർഷം കഴിയുമ്പോൾ 01/06/2015 ൽ ലഭിക്കേണ്ട ഫുൾടൈം ആനുകൂല്യം 19/07/2017 ൽ മാത്രമാണ് ലഭിച്ചതെന്നും 02/05/1973 ലെ G.O.(MS) 62/73/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 5 വർഷം പൂർത്തിയാക്കിയ 01/06/2015 മുതൽ തന്നെ ഫുൾടൈം ആനുകൂല്യം അനുവദിക്കുന്നതിനാണ് റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്. വിഷയം പരിശോധിക്കുമ്പോൾ Ext. P7 മുതൽ Ext. P10 വരെ കണക്കാക്കണമെന്ന് വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

6. 2/5/1973 ലെ G.O.(MS)No. 62/73/പൊ.വി.വ ഉത്തരവ് പ്രകാരം 5 വർഷം സർവ്വീസും 8 പീരീഡും ഉള്ള ഭാഷാ അദ്ധ്യാപകർക്കാണ് ഫുൾടൈം ആനുകൂല്യം അനുവദിക്കുന്നത്. ഹർജിക്കാരി 1/6/2010 മുതൽ സർവ്വീസിൽ പ്രവേശിച്ചുവെങ്കിലും 15/07/2014 മുതൽ തസ്തിക നഷ്ടപ്പെട്ട് 1/9/2016 മുതൽ പുനർവിന്യസിക്കപ്പെട്ടിട്ടുള്ളതിനാൽ ടി കാലയളവിൽ 8 പീരീഡ് ജോലി എന്ന നിബന്ധന ടിയാരിയുടെ കാര്യത്തിൽ പാലിക്കപ്പെടുന്നില്ല എന്ന കാരണത്താലാണ് കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ 1/6/2015 മുതൽ ഫുൾടൈം ആനുകൂല്യം അനുവദിയ്ക്കാതിരുന്നത്. എന്നാൽ 6/3/69 ലെ G.O.(MS) 104/69/GEDN ഉത്തരവ് പ്രകാരം സംരക്ഷണം ലഭിച്ച പാർട്ട്ടൈം അദ്ധ്യാപകർക്ക് 2/5/73 ലെ G.O.(MS) 62/73/GEDN ഉത്തരവ് പ്രകാരമുള്ള ഫുൾടൈം ആനുകൂല്യത്തിന് അർഹതയുണ്ട്. 14/12/1982 ലെ G.O.(MS)No. 189/82/GEDN ഉത്തരവ് പ്രകാരം 5 വർഷം പൂർത്തിയാക്കിയാൽ തുടർച്ചയായി 5 വർഷം പൂർത്തീകരിക്കണം എന്ന നിബന്ധന ഇല്ലാതെ തന്നെ പാർട്ട്ടൈം അദ്ധ്യാപകർക്ക് ഫുൾടൈം ആനുകൂല്യം അനുവദിയ്ക്കാമെന്നതാണ് 2/5/1973 ലെ G.O.(MS)No. 62/73/GEDN ഉത്തരവിലെ 5 വർഷം എന്നത് 'aggregate service' ആയി കണക്കാക്കാമോ എന്ന കാര്യത്തിന് സ്പഷ്ടീകരണം നൽകികൊണ്ടാണ് Ext. P7 പുറപ്പെടുവിച്ചിട്ടുള്ളത്. ടി ഉത്തരവിലെ സർവ്വീസ് ദൈർഘ്യം എങ്ങനെ കണക്കാക്കണമെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സംശയത്തിന് സ്പഷ്ടീകരണമാണ് നൽകിയിരിക്കുന്നത്. ഫുൾടൈം അനുവദിക്കുന്നതിന് 8 പീരിയഡുകൾ ജോലി കൂടി വേണമെന്ന നിബന്ധന പ്രസ്തുത ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടില്ല.

7. Ext.P8 എന്നത് 7/1/1987 ലെ G.O(MS) 11/87/GEDN ഉത്തരവാണ്. ടി ഉത്തരവ് 14/12/1982 ലെ G.O(MS) 189/82/GEDN ഉത്തരവിന്റെ 3-ാമത്തെ ഖണ്ഡികയിൽ വ്യക്തത വരുത്തിക്കൊണ്ടുള്ളതാണ്. അതായത് ഫുൾടൈം ആനുകൂല്യം അനുവദിക്കുന്നതിന് 5 വർഷത്തെ തുടർച്ചയായ സേവനം മതിയെന്നുള്ളതാണ്. ഇവിടെയെല്ലാം ഫുൾടൈം ആനുകൂല്യം അനുവദിക്കുന്നതിനുള്ള സർവ്വീസ് കാലയളവ് കണക്കാക്കുന്നതു സംബന്ധിച്ച സ്പഷ്ടീകരണമാണ് നൽകിയിരിക്കുന്നത്. 8 പീരീഡുകൾ സംബന്ധിച്ച നിബന്ധന 2/5/1973 ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം തന്നെ നിലനിൽക്കുന്നുണ്ട്. Ext. P9, P10 എന്നത് സമാന കേസിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളാണ്. ടി ഉത്തരവുകൾ പ്രകാരം, ബന്ധപ്പെട്ട കേസിലെ ഹർജിക്കാർക്ക് പാർട്ട്ടൈം തസ്തികയിൽ 5 വർഷം പൂർത്തിയായ മുറയ്ക്ക് ഫുൾടൈം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഹർജിക്കാരിയുടെ 1/6/2010 മുതൽ 14/7/14 വരെയും തുടർന്ന് 1/9/16 മുതൽ പുനഃവിന്യസിച്ച തീയതി മുതൽ കണക്കാക്കി 5 വർഷം പൂർത്തിയായ ദിവസമായ 18/7/17

മുതൽ ഫുൾടൈം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

8. ശ്രീമതി. സിജി വർഗ്ഗീസ് സ്ഥലം മാറ്റം ചെയ്യപ്പെട്ട് നിയമനം ലഭിച്ചിരുന്ന ശൂരനാട് സെൻറ് തോമസ് യു.പി.എസ് ൽ ഒരു പാർട്ട്ടൈം ഹിന്ദി തസ്തിക മാത്രമേ അനുവദിച്ചിരുന്നുള്ളു. ടി തസ്തികയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീമതി. ഷബ്ന മോളും പാർട്ട്ടൈം സംസ്കൃതം അദ്ധ്യാപികയായി ഇതേ തസ്തികയിൽ തുടർന്നിരുന്നു. ശ്രീമതി സിജി വർഗ്ഗീസിന് സംരക്ഷിത അദ്ധ്യാപിക ആനുകൂല്യം ലഭ്യമായിട്ടുള്ളതിനാൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ 01/06/2016 പ്രാബല്യത്തിൽ പുനർ വിന്യസിച്ച് നിയമിച്ചിരുന്നു. ടിയാരി 01/06/2015 മുതൽ 01/06/2016 വരെ തസ്തികയില്ലാതെയാണ് ജോലി നോക്കിയിരുന്നത്. സർക്കാരിന്റെ 02/05/1973 ലെ ജി.ഒ(എം.എസ്) 62/73/പൊ.വി.വ ഉത്തരവിൻ പ്രകാരം തുടർച്ചയായി 5 വർഷം സർവ്വീസും 8 പിരിഡും ഉണ്ടെങ്കിൽ മാത്രമേ ഫുൾടൈം ബനിഫിറ്റിന് അർഹതയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ശ്രീമതി. സിജി വർഗ്ഗീസ് 01/06/2015 മുതൽ ഫുൾടൈം ആനുകൂല്യം അനുവദിക്കുന്നതിന് 8 പിരിഡ് ലഭ്യമല്ലാത്തതിനാൽ ഫുൾടൈം ആനുകൂല്യം അനുവദിക്കാൻ സാധിക്കയില്ല .

9. മേൽസാഹചര്യത്തിൽ ശ്രീമതി. സിജി വർഗ്ഗീസ് സമർപ്പിച്ചിട്ടുള്ള Ext. P6 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം റിട്ട് ഹർജി നം. 27977/2021 മേലുള്ള പരാമർശം 1 ലെ വിധിന്യായം പാലിച്ചിരിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വെളിയം, കൊല്ലം- 691512

വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം- 695 002

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ശാസ്താംകോട്ട, കൊല്ലം- 690521

സിജി വർഗ്ഗീസ്, സംസ്കൃതം ടീച്ചർ (ഫുൾടൈം), സെന്റ് ഗ്രിഗോറിയസ് യു.പി.സ്കൂൾ, കുട്ടിക്കോണം, കുന്നിക്കോട്.പി.ഒ, കൊല്ലം- 691508

കോർപ്പറേറ്റ് മാനേജർ, എം.എം.സി കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂൾസ്, കാത്തോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം- 686 038

ഹെഡ്മാസ്റ്റർ, സെന്റ് ഗ്രിഗോറിയസ് യു.പി.സ്കൂൾ, കുട്ടിക്കോണം, കുന്നിക്കോട്.പി.ഒ, കൊല്ലം- 691508

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 06-09-2022 11:05:55
സെക്ഷൻ ഓഫീസർ